# കേരള സർവകലാശാല

## ഒന്നാം വർഷ  ബി.എഡ്  പ്രവേശനം – 2023

## ഗവ :/ എയ്ഡഡ് / സ്വാശ്രയ/ കെ. യു.സി.ടി.ഇ  കോളേജുകളിൽ കോളേജ് ലെവൽ  സ്പോട്ട് അലോട്ട്മെന്റ്   ഒക്ടോബർ 17  ന്

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള  ഗവ :/ എയ്ഡഡ് / സ്വാശ്രയ/ കെ.യു.സി.ടി.ഇ കോളേജുകളിലെ ഒന്നാം വർഷ ബി.എഡ്  കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് കോളേജ്  തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് ഒക്ടോബർ 17  ന്  അതാത് കോളേജുകളിൽ വച്ച്  നടത്തുന്നു.

**നിർദ്ദേശങ്ങൾ**

- നിലവിൽ കേരള സർവകലാശാലയുടെ  കീഴിലുള്ള  കോളേജുകളിൽ B.Ed അഡ്മിഷൻ ഉള്ള വിദ്യാർത്ഥികൾക്ക് ടി സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

- വിദ്യാർത്ഥികളോ അല്ലെങ്കിൽ അവരുടെ പ്രതിനിധികളോ  രാവിലെ 10 മണിക്ക് മുൻപായി അഡ്മിഷൻ ആഗ്രഹിക്കുന്ന കോളേജുകളിൽ ഹാജരാകേണ്ടതാണ്. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

- ഒന്നിലധികം കോളേജുകളിൽ അഡ്മിഷൻ ആഗ്രഹിക്കുന്നപക്ഷം വിദ്യാർത്ഥികൾക്ക് രക്ഷകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. രക്ഷകർത്താവ്/ പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ വിദ്യാർത്ഥി ഒപ്പിട്ട സാക്ഷ്യപത്രം നിർബന്ധമായും ഹാജരാക്കേതാണ്.

- ഇങ്ങനെ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ റാങ്ക്  ലിസ്റ്റ്  അഡ്മിഷൻ തുടങ്ങുന്നതിന് മുമ്പായി കോളേജ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ്

- കോളേജുകളിൽ നിലവിലുള്ള ഒഴിവുകളോ/റാങ്ക് ലിസ്റ്റോ  അവസാനിക്കുന്നത് വരെ അന്നേ ദിവസം തന്നെ അഡ്മിഷൻ നടപടികൾ പൂർത്തിയാക്കുന്നതാണ്.

- ഓരോ കോളേജിലും നിലവിലുള്ള ഒഴിവുകളുടെ വിവരം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത ഒഴിവുകളിലേക്ക് മാത്രമായിരിക്കും അഡ്മിഷൻ നടത്തുന്നത്.

- EWS വിഭാഗത്തിൽ ഉള്ള ഒഴിവുകളിൽ പ്രസ്തുത വിഭാഗത്തിലെ വിദ്യാർത്ഥികളെ മാത്രമാണ് പരിഗണിക്കുന്നത് . EWS വിഭാഗത്തിൽ ഒഴിവുള്ള വിഷയങ്ങളിൽ അപേക്ഷാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത ഒഴിവ് മറ്റു വിഷയങ്ങളിലേക്ക് മാറ്റി നൽകുന്നതായിരിക്കും .

- EWS വിഭാഗത്തിൽ വിഷയ മാറ്റം അനുവദിക്കുമ്പോൾ സ്പോട് അലോട്ട്മെൻ്റിൽ പങ്കെടുക്കുന്ന EWS വിഭാഗത്തിൽ ഉള്ള വിദ്യാർത്ഥികളിൽ ഉയർന്ന index മാർക്ക് ഉള്ള വിദ്യാർത്ഥിയുടെ വിഷയത്തിലേക്കു പ്രസ്തുത മാറ്റം അനുവദി ക്കുന്നതാണ് .

- വിദ്യാർത്ഥികൾ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുമ്പോൾ ഒറിജിനൽ ടി.സി. നിർബന്ധമായും ഹാജരാക്കേതാണ്.

- വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റ്ഔട്ട്, യോഗ്യത തെളിയിക്കുന്ന മാർക്ക് ലിസ്റ്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (for candidates of other Universities), മറ്റു യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

- നിലവിൽ യൂണിവേഴ്സിറ്റി ഫീസ് അടയ്ക്കാത്തവർക്ക് അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് ഓൺലൈൻ ആയി പ്രൊഫൈലിൽ നിന്നും (എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക്- 230/- രൂപ, ജനറൽ, മറ്റ് സംവരണ വിഭാഗങ്ങൾക്ക് - 1130/- രൂപ) അടയ്ക്കേതാണ്.

- നിലവിൽ സർവകലാശാല അഡ്മിഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരെ, റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ പരിഗണിച്ചതിനു ശേഷം സീറ്റ് ഒഴിവുള്ള പക്ഷം, അഡ്മിഷൻ പോർട്ടലിൽ മാനേജ്മെന്റ് ക്വാട്ട ലിങ്ക് വഴി രജിസ്ട്രേഷൻ നടത്തി അലോട്ട്മെന്റിൽ പങ്കെടുപ്പിക്കാവുന്നതാണ്.

**രജിസ്ട്രാർ**